നെയ്യാർ ഡാമിലെ സഫാരി പാർക്കിൽ മറ്റു വന്യ മൃഗങ്ങളെക്കൂടെ പാർപ്പിക്കാൻ നടപടി

853 [1858] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ ഡാമിലെ സഫാരി പാർക്കിൽ മറ്റു വന്യമൃഗങ്ങളെക്കൂടെ പാർപ്പിച്ചു ടൂറിസ്റ്റുകളെ ആകർഷിക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ ;

(ബി) അതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ?

ഉത്തരം

(എ) സിംഹ സഫാരി പാർക്കിൽ മറ്റു വന്യമൃഗങ്ങളെക്കൂടി പാർപ്പിക്കുന്നത് ശരിയാവുകയില്ല.

(ബി) ഉണ്ട്. സിംഹം ഒരു മാംസഭുക്കായതുകൊണ്ട് മറ്റു വന്യമൃഗങ്ങളെ കൊന്നു തിന്നുന്നതാണ്.

സൈലൻറ് വാലി നാഷണൽ പാർക്കിൻറെ വികസന പ്രവർത്തനങ്ങൾ

854 [1859] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തികവർഷത്തിൽ സൈലൻറ് വാലി നാഷണൽ പാർക്കിൻറെ വികസനപ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു ; അതിൻറെ ഇനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(ബി) നാഷണൽ പാർക്കിൻറെ വികസനത്തിനായി അനുവദിച്ച തുക ലാപ്സായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരാണ് ഉത്തരവാദികൾ ?

ഉത്തരം

(എ) സൈലൻറ് വാലി നാഷണൽ പാർക്കിൻറെ വികസനത്തിനായി 1985-86-ൽ 14,10,292.62 രൂപ ചെലവാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

അഗസ്ത്യകൂടത്തിൽ പൊതുജനങ്ങൾ കയറുന്നതിനുള്ള നിരോധനം

855 [1860] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗസ്ത്യകൂടം വനപ്രദേശങ്ങളിൽ പൊതുജനങ്ങൾ കടന്നു കയറുന്നത് തടഞ്ഞുകൊണ്ട് ഗവൺമെൻറ് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 854 (1859) കാണുക]

സൈലന്റ്വാലി ദേശീയോദ്യാനത്തിന്റെ വികസനത്തി
നായി 1985-86-ൽ ചെലവഴിച്ച തുകയുടെ വിശദ
വിവരങ്ങൾ

		രൂ. പൈ
1.	ജീപ്പിന്റെ ചെലവുകൾ	25125.51
2.	ആനകൾക്ക് അമ്പാരി വാങ്ങിയത്	31695.50
3.	കയർ പായകൾ വാങ്ങിയതിനുള്ള ചെലവ്	7451.60
4.	ബോർഡുകൾ	3050.00
5.	ഓഫീസ്- ഉപകരണങ്ങൾ	9839.05
6.	ഫർണിച്ചർ	19421.80
7.	ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങിയതിന്	9544.00
8.	ആനപ്പുറത്ത് കയറുന്നതിനുവേണ്ടി ഒപ്പാറ ഫാം നിർമ്മിച്ചതിന്	5105.00
9.	ഫർണിച്ചറും മറ്റും കൊണ്ടുവന്നതിനുള്ള കൂലി	400.00
10.	സൈലന്റ്വാലി-മുക്കാലി റോഡ് നന്നാക്കിയതിന്	3981.45
11.	വിവിധ സ്ഥലങ്ങളിലെ കുറ്റിക്കാടുകൾ തെളിച്ചതിന്	9648.90
12.	അഗ്നി പ്രതിരോധ ചെലവുകൾ	210108.05
13.	വിസ്റ്റാ ക്ലിയറൻസ്	40753.50
14.	ഇൻസ്പെക്ഷൻ പാതകളുടെ മെയിൻറനൻസ്	18750.75
15.	സൈലന്റ്വാലി പ്രവേശനകവാടത്തിൽ ഒരു ഗേറ്റ് നിർമ്മിക്കുന്നതിനും വാച്ച് ടവ്വറിന്റെ പണികൾക്കും സൈൻബോർഡ് സ്ഥാപിക്കുന്നതിനും മറ്റുമുണ്ടായ ചെലവ്	18217.50
16.	മണ്ണാർക്കാടിൽ നാല് (ടൈപ്പ്—1) ക്വാർട്ടേഴ്സ് പണിയുന്നതിന്	154000.00
17.	മണ്ണാർക്കാടിൽ നാല് ക്വാർട്ടേഴ്സ് (ടൈപ്പ്—2) പണിയുന്നതിന്	185700.00
18.	മണ്ണാർക്കാടിൽ ഒരു (ടൈപ്പ്—3) ക്വാർട്ടേഴ്സ് പണിയുന്നതിന് (വൈൽഡ് ലൈഫ് വാർഡന്)	46300.00
19.	മണ്ണാർക്കാടിൽ വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ് കെട്ടിടം പണിയുന്നതിനും ജൂനിയർ സൂപ്രണ്ടിന് ഒരു (ടൈപ്പ്—3) ക്വാർട്ടേഴ്സ് പണിയുന്നതിനും	60900.00
20.	മുക്കാലിയിൽ മൂന്ന് (ടൈപ്പ്—2) ക്വാർട്ടേഴ്സ് (ഫോറസ്റ്റർമാർക്ക്) പണിയുന്നതിന്	95000.00

LIBRARY ARCHIVES Kerala Legislative Assembly

		രൂ. പ.
21.	മുക്കാലിയിൽ ഒരു ടൈപ്പ്—3 ക്വാർട്ടേഴ്സ് (റെയിഞ്ചർക്ക്) രണ്ട് ടൈപ്പ്—2 ക്വാർട്ടേഴ്സ് (ഡെപ്യൂട്ടി റെയിഞ്ചർക്ക് / എൽ. ഡി. ക്ലാർക്കിന്) എന്നിവ പണിയുന്നതിന്	77600.00
22	മുക്കാലിയിൽ റെയിഞ്ച ഓഫീസ് കെട്ടിടം പണിയുന്നതിനും രണ്ട് (ടൈപ്പ്—1) ക്വാർട്ടേഴ്സ് (ഡ്രൈവർക്കും പ്യൂണിനും) പണിയുന്നതിനും	63600.00
23.	മുക്കാലി—സൈലൻറ്വാലി റോഡിൻെറ പ്രത്യേക അറകുറപ്പണികൾക്ക്	230600.00
24.	മുക്കാലി ക്യാമ്പ് ഷെഡ്ഡിൻെറ പ്രത്യേക അറകുറപ്പണികൾ	73500.00
25	സൈലൻറ്വാലിയിലെ ഫോറസ്റ്റ് ക്വാർട്ടേഴ്സിൻെറ പ്രത്യേക അറകുറപ്പണികൾ	10000.00
	ആകെ	1410292.62

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 872 (252) കാണുക]

സംസ്കൃത സർവ്വകലാശാല രൂപവത്കരിക്കുന്നതു സംബന്ധിച്ചുള്ള മുഖ്യ ശുപാർശകൾ

1. തെന്നിന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും പ്രയോജനപ്പെടത്തക്കരീതിയിൽ രൂപകൽപ്പന ചെയ്തിട്ടുള്ള ഈ സർവ്വകലാശാല സംസ്ഥാന സർക്കാർ സ്ഥാപിക്കുകയും ക്രമേണ മറ്റു സംസ്ഥാനങ്ങളുടെ സഹകരണവും സഹായവും തേടുകയും ചെയ്യണം.

2. സംസ്കൃതഭാഷയ്ക്ക് വമ്പിച്ച സംഭാവനകൾ നൽകിയിട്ടുള്ള പ്രസിദ്ധ തത്വചിന്തകനും കേരളീയനുമായ ശ്രീ. ശങ്കരാചാര്യരുടെ ബഹുമാനാർത്ഥം ഈ സർവ്വകലാശാലക്ക് 'ശ്രീ. ശങ്കരാചാര്യ സംസ്കൃത വിശ്വവിദ്യാലയ' (ഇംഗ്ലീഷിൽ 'ശ്രീ. ശങ്കരാചാര്യ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി') എന്നു നാമകരണം ചെയ്യണം.

3. ഉത്തരേന്ത്യയിലെ സംസ്കൃത സർവ്വകലാശാലകളെപ്പോലെ ഇതും കോളേജുകൾ ഉൾക്കൊള്ളുന്നതും (അഫിലിയേറ്റിംഗ്) അദ്ധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ച് താമസിക്കുന്നതും (റസിഡൻഷ്യൽ) ഗവേഷണത്തിന് സവിശേഷ പ്രാധാന്യം നൽകുന്നതുമായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly